**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5602** **13-08-2021 - ൽ മറുപടിയ്ക്ക്**

**കടമ്പ്രയാറിന്റെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടമ്പ്രയാറിന്റെ സംരക്ഷണത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | പരിഗണനയിൽ ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (National Green Tribunal) OA 673/2018-ലെ ഉത്തരവിൽ കടമ്പ്രയാർ ഉൾപ്പെടെയുള്ള കേരളത്തിലെ 21 നദീ ഭാഗങ്ങൾ മലിനീകരണ മുക്തമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 21 നദീ ഭാഗങ്ങളുടെയും ആക്ഷൻ പ്ലാൻ ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനും മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർ കൺവീനറുമായ സാങ്കേതിക സമിതി തയ്യാറാക്കുകയും ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത ആക്ഷൻ പ്ലാനുകളുടെ അംഗീകാരത്തിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കടമ്പ്രയാറിനെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പരിഗണനയിൽ ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (National Green Tribunal) OA 673/2018-ലെ ഉത്തരവിൽ കടമ്പ്രയാർ ഉൾപ്പെടെയുള്ള കേരളത്തിലെ 21 നദീ ഭാഗങ്ങൾ മലിനീകരണ മുക്തമാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 21 നദീ ഭാഗങ്ങളുടെയും ആക്ഷൻ പ്ലാൻ ജലസേചന വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനും മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയർ കൺവീനറുമായ സാങ്കേതിക സമിതി തയ്യാറാക്കുകയും ആയത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രസ്തുത ആക്ഷൻ പ്ലാനുകളുടെ അംഗീകാരത്തിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിക്കുകയും ആയതിന് |

| | | | |
|---|---|---|---|
| | | | അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരമുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ